പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 11

23.01.2018 ൽ
മറുപടിക്ക്

## കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവീസ്

| ചോദ്യം | മറുപടി |
| --- | --- |
| ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവീസിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ആയതിനുള്ള വിജ്ഞാപനം എന്നത്തേക്ക് പുറപ്പെടുവിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് സംബന്ധിച്ച സ്പെഷ്യൽ റൂൾസ് 29.12.2017 ലെ GO(P)No.12/2017/P&ARD ഉത്തരവിൻ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷനോട് നിയമനം സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവീസിന് സർക്കാർ സർവീസിലെ ജീവനക്കാർക്ക് അപേക്ഷിക്കുവാൻ സാധിക്കുമോ; ടി ജീവനക്കാർ പ്രൊബേഷൻ പൂർത്തിയാക്കണമെന്ന് നിർബന്ധമുണ്ടോ; സർവീസ് റഗുലറൈസ് ചെയ്തവരെ പ്രസ്തുത വിഭാഗത്തിൽ പരിഗണിക്കുമോ;എങ്കിൽ വിശദമാക്കാമോ; | ബി) സാധിക്കും. ടി ജീവനക്കാർ പ്രൊബേഷൻ പൂർത്തിയാക്കണമെന്ന് നിർബന്ധമില്ല. സർവ്വീസ് റഗുലറൈസ് ചെയ്ത സർക്കാർ ഉദ്യോഗസ്ഥരെ സ്ട്രീം 2 വിഭാഗത്തിൽ പരിഗണിക്കുന്നതാണ്. സ്ട്രീം 3 ൽ അപേക്ഷിക്കുന്ന ഒന്നാം ഗസറ്റഡ് തസ്തികയിലും അതിന് മുകളിലുള്ള തസ്തികയിലുമുള്ള ജീവനക്കാർ സർവ്വീസിൽ ഏതെങ്കിലും ഒരു തസ്തികയിൽ പ്രൊബേഷൻ പൂർത്തീകരിക്കേണ്ടതാണ്. |
| സി) കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവീസിലേക്ക് എത്ര ശതമാനമാണ് നേരിട്ടുള്ള നിയമനത്തിനായി പരിഗണിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇത്തരത്തിൽ നിയമനം ലഭിക്കുന്നവർ എത്ര എണ്ണം വരുമെന്ന് കണക്കാക്കിയിട്ടുണ്ടോ; എല്ലാ തസ്തികകളിലേയ്ക്കും ഒന്നിച്ച് നിയമനം നടത്തുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ; | സി) 1/3 ഭാഗം ഒഴിവുകളിലാണ് നേരിട്ടുള്ള നിയമനത്തിന് വ്യവസ്ഥ ചെയ്തിരിക്കുന്നത്. എണ്ണം കണക്കാക്കിയിട്ടില്ല. |

ഡി) കേരളാ അഡ്മിനിസ്ട്രേറ്റീവ് സർവീസിലെ നിയമനത്തിന് നിലവിലുള്ള സംവരണ സമ്പ്രദായമാണോ പരിഗണിക്കുന്നത്; അല്ലെങ്കിൽ സംവരണം ഒഴിവാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഡി) കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽ നേരിട്ട് നിയമനം നടത്തുന്ന തസ്തികകളുടെ കാര്യത്തിൽ നിലവിലുള്ള സംവരണ മാനദണ്ഡങ്ങൾ പാലിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. തസ്തികമാറ്റ നിയമനത്തിന് ഇത് ബാധകമല്ല.

സെക്ഷൻ ഓഫീസർ